**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - സംസ്ഥാനത്തെ വിവിധ സഹകരണ സംഘങ്ങളിലെ പാർട്ട് -ടൈം കണ്ടിജന്റ് ജീവനക്കാർക്ക് പെൻഷൻ, വെൽഫയർഫണ്ട്, ലീവ് സറണ്ടർ, മെഡിക്കൽ അലവൻസ് എന്നീ ആനുകൂല്യങ്ങൾ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (സി) വകുപ്പ്**

**സ.ഉ(അച്ചടി)നം.18/2012/സഹ. തിരുവനന്തപുരം,തീയതി, 09.02.2012.**

---

പരാമർശം:- 1. 25/02/2011 ലെ സ.ഉ. (പി) നമ്പർ 36/2011/സഹ. നമ്പർ ഉത്തരവ്.
2. സഹകരണ സംഘം രജിസ്ട്രാരുടെ 26.08.2011 ലെ ഇ.എം (2) 32640/ 2011 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം പ്രാഥമിക സഹകരണ സംഘങ്ങളിലെ (പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകളും അർബൻ സഹകരണ ബാങ്കുകളും ഒഴികെ) ജീവനക്കാരുടെ ശമ്പള സ്കെയിലുകളും അലവൻസുകളും 01.04.2009 മുതൽ പരിഷ്കരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സഹകരണ സംഘം രജിസ്ട്രാരുടെ പരാമർശം രണ്ടിലെ കത്ത് പ്രകാരം കേരള സഹകരണ സംഘം ചട്ടത്തിലെ അപ്പൻഡിക്സ് III ൽ ഉൾപ്പെട്ടിട്ടുള്ളതും ശമ്പള സ്കെയിൽ അനുവദിച്ച നൽകിയിട്ടുള്ളതുമായ ജീവനക്കാരിൽ പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാർ ഒഴികെയുള്ള എല്ലാ ജീവനക്കാർക്കും പെൻഷൻ, വെൽഫയർഫണ്ട്, ലീവ് സറണ്ടർ, മെഡിക്കൽ അലവൻസ് എന്നീ ആനുകല്യങ്ങൾ ലഭിക്കുന്നുണ്ടെന്നും എന്നാൽ കേരള സഹകരണ സംഘം ചട്ടത്തിലെ അപ്പൻഡിക്സ് III ൽ ഉൾപ്പെട്ടിട്ടുള്ള പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാർക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കുന്നില്ലായെന്നും ആയതിനാൽ സഹകരണ സംഘങ്ങളിലെ പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാർ ഒഴികെയുള്ള ജീവനക്കാർക്ക് ലഭിക്കുന്ന പെൻഷൻ, വെൽഫയർഫണ്ട്, ലീവ് സറണ്ടർ, മെഡിക്കൽ അലവൻസ് എന്നീ ആനുകൂല്യങ്ങൾ അപ്പൻഡിക്സ് III ൽ ഉൾപ്പെട്ടിട്ടുള്ളതും ശമ്പള സ്കെയിൽ അനുവദിച്ചിട്ടുള്ളതുമായ പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാർക്കുകൂടി നൽകാവുന്നതാണെന്നും സഹകരണ സംഘം രജിസ്ട്രാർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഈ വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയും, സഹകരണ സംഘങ്ങളിലെ പാർട്ട് -ടൈം കണ്ടിജന്റ് ജീവനക്കാർ ഒഴികെയുള്ള ജീവനക്കാർക്ക് ലഭിക്കുന്ന പെൻഷൻ, വെൽഫയർഫണ്ട്, ലീവ് സറണ്ടർ, മെഡിക്കൽ അലവൻസ് എന്നീ ആനുകൂല്യങ്ങൾ അപ്പൻഡിക്സ് III ൽ ഉൾപ്പെടുത്തിയിട്ടുള്ളതും ശമ്പള സ്കെയിൽ അനുവദിച്ചിട്ടുള്ളതുമായ പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാർക്കുകൂടി അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

**ഗവർണറുടെ ഉത്തരവിൻ പ്രകാരം**
**ഡോ. വി.എം.ഗോപാലമേനോൻ**
**ഗവൺമെന്റ് സെക്രട്ടറി**

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർമാർക്കും (ജനറൽ/ആഡിറ്റ്).
എല്ലാ പ്രാഥമിക സഹകരണ സംഘങ്ങളിലെയും ചീഫ്എക്സിക്യൂട്ടീവ്മാർക്കും.
സഹകരണവകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.
വിവര പൊതുജന സമ്പർക്ക വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ